**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **13-10-2021 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ രൂപീകരിക്കുമ്പോൾ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കുന്നതിനുള്ള കേരളത്തിന്റെ നിർദ്ദേശത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ബഫർസോൺ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനായി 6 ദേശീയോദ്യാനങ്ങൾക്കും 15 വന്യജീവി സങ്കേതങ്ങൾക്കും 2 കടുവാ സങ്കേതങ്ങൾക്കുമായി 17 കരട് വിജ്ഞാപന ശുപാർശകളാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതിൽ മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിച്ച് അന്തിമ വിജ്ഞാപനം 28.12.2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് 16 ശുപാർശകളിൽ പെരിയാർ ടൈഗർ റിസർവ്, നെയ്യാർ & പേപ്പാറ വന്യജീവി സങ്കേതങ്ങളുടെയും ഒഴികെയുള്ള കരട് വിജ്ഞാപനങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയുടെ അന്തിമ വിജ്ഞാപനം ആയിട്ടില്ല. പെരിയാർ ടൈഗർ റിസർവ്, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങൾ എന്നിവയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി ആദ്യം തയ്യാറാക്കി സമർപ്പിച്ചിരുന്ന കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ നിന്നും ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് 15 പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തിയ വിജ്ഞാപന ശുപാർശകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജനസാന്ദ്രത കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടും ഷോല, ആനമുടി ഷോല എന്നിവ ഉൾപ്പെട്ട ഒരു പ്രൊപ്പോസലിന് ഭേദഗതി വരുത്തേണ്ട ആവശ്യം വന്നിട്ടില്ലാത്തതിനാൽ ഭേദഗതി വരുത്തിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഇക്കോസെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് കമ്മിറ്റി മീറ്റിംഗുകൾ ഈ ഭേദഗതി വരുത്തിയ ശുപാർശകൾ ചർച്ച ചെയ്യുകയും, നിർദ്ദേശങ്ങളിൽ വിശദീകരണം ആരായുകയും കൂടുതൽ രേഖകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരമുള്ള വിശദീകരണങ്ങളും രേഖകളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ